# ഗ്രാമ ന്യായാലയ ഇരിട്ടി, പായം

സാന്നിദ്ധ്യം: *Sri.Mohamed Mausoom. P. T. , BA LL.B (H)*

ന്യായാധികാരി

തീയ്യതി: **2026 മാർച്ച് 13 / 1947 ഫാൽഗുനം 22**

---

# M.C. No. 14/2025

ഹർജിക്കാർ :

1. റംഷാന യു.കെ
W/o.മുനീർ.പി.പി, വയസ്സ് 33,
റംഷാന മൻസിൽ, മുഴക്കുന്ന് അംശം,
വിളക്കോട്
2. ഹിബ ഫാത്തിമ
D/o മുനീർ.പി.പി, വയസ്സ് 15
റംഷാന മൻസിൽ, മുഴക്കുന്ന് അംശം
വിളക്കോട്
3. സൽവ
D/o മുനീർ.പി.പി, വയസ്സ് 11
റംഷാന മൻസിൽ, മുഴക്കുന്ന് അംശം
വിളക്കോട്
4. നസ്ഹ
D/o മുനീർ.പി.പി, വയസ്സ് 8
റംഷാന മൻസിൽ, മുഴക്കുന്ന് അംശം
വിളക്കോട്

(മുഴക്കുന്ന് പോലീസ് സ്റ്റേഷൻ പരിധി)
(2,3,4 ഹർജിക്കാർ മൈനർ ആകയാൽ
ഒന്നാം ഹർജിക്കാരി)

***(ഹർജിക്കാരിക്കു വേണ്ടി അഡ്വ.
എ.എം. അജയകുമാർ)***

**V/s.**

എതിർകക്ഷി :

മുനീർ.പി.പി
S/o കോരമ്പത്ത് മുഹമ്മദ്, വയസ്സ് 40
പള്ളിപ്പാത്ത് വീട്, നുച്യാട് അംശം ദേശം
നുച്യാട് പി.ഒ, ഉളിക്കൽ
(ഉളിക്കൽ പോലീസ് സ്റ്റേഷൻ പരിധി)

## <u>ഉത്തരവ്</u>

ഗാർഹിക പീഡനത്തിൽ നിന്നുമുള്ള സ്ത്രീ സംരക്ഷണ നിയമം,2005ലെ *(ഇനി മുതൽ* ***'2005ലെ നിയമം'*** *)* 12ാം, വകുപ്പ് പ്രകാരം ബോധിപ്പിച്ചതാണ് മേൽ അപേക്ഷ.

2. <u>അപേക്ഷയിലെ ഉള്ളടക്കത്തിന്റെ സംക്ഷിപ്ത രൂപം</u> :-

ഒന്നാം ഹർജിക്കാരിയും എതൃകക്ഷിയും തമ്മിലുള്ള വിവാഹം 26.03.2009ന് മുസ്ലീം മതാചാരപ്രകാരം വിളക്കോട്-ചാക്കാട്, കുവ്വത്തുൽ ഇസ്ലാം മദ്രസ്സ പള്ളി മുഖേന നടന്നിട്ടുള്ളതും, മറ്റു ഹർജിക്കാർ മേൽ വിവാഹത്തിലെ മക്കളുമാണ്. ഇരുവരും ഭാര്യാഭർത്താക്കൻമാരായി കുറച്ച് നാൾ എതൃകക്ഷിയുടെ കുടുംബവീട്ടിലും, ഹർജിക്കാരിയുടെ വീട്ടിലും ജീവിച്ച് പോന്നിരുന്നു. വിവാഹസമയത്ത് ഹർജിക്കാരിക്ക് മൊത്തം 15(പതിനഞ്ച്) പവൻ സ്വർണ്ണാഭരണങ്ങൾ ഉണ്ടായിരുന്നതിൽ 5(അഞ്ച്) പവൻ തൂക്കം വരുന്ന ഒരു മാല, 5 ¾ (അഞ്ചേമുക്കാൽ) പവൻ തൂക്കം വരുന്ന ഒരു നെക്ലേസ്, 2 ½ (രണ്ടര) പവൻ തൂക്കം വരുന്ന ഒരു ജോഡി പാദസരം, ½ (അര) പവൻ തൂക്കം വരുന്ന ഒരു ബ്രേസ്ലെറ്റ്, 1 ¼ (ഒന്നേകാൽ) പവൻ തൂക്കം വരുന്ന ഒരു വള, ¾ (മുക്കാൽ) പവൻ തൂക്കം വരുന്ന ഒരു കമ്മൽ, ¾ (മുക്കാൽ) പവന്റെ ഒരു വള എന്നീ സ്വർണ്ണാഭരണങ്ങളും, കൂടാതെ ബന്ധുക്കൾ സമ്മാനിച്ച മറ്റ് സ്വർണ്ണാഭരണങ്ങളും ഉണ്ടായിരുന്നു. വിവാഹശേഷം ഹർജിക്കാരിയും എതൃകക്ഷിയും ഹർജിക്കാരിയുടെ വീട്ടിലും, ഇടക്ക് എതൃകക്ഷിയുടെ വീട്ടിലും പോയി താമസിച്ച് വന്നിരുന്നുവെങ്കിലും എതൃകക്ഷിയുടെ സ്വഭാവ വ്യതിയാനവും, മാനസിക പിരിമുറുക്കം വരുത്തക്ക രീതിയിലുള്ള പെരുമാറ്റവും, അടിയും, ഉപദ്രവവും കാരണം ഒന്നാം ഹർജിക്കാരി പിന്നീട് കുറേ നാൾ സ്വന്തം തറവാട് വീട്ടിലേക്ക് താമസം മാറിയിരുന്നു. ഹർജിക്കാരിയെ ശാരീരികമായി ഉപദ്രവിക്കുന്നത് കണ്ട് എതൃകക്ഷിയുടെ സഹോദരിമാരും, വിവരമറിഞ്ഞ് എത്തിയ ഹർജിക്കാരിയുടെ ബന്ധുക്കളും തമ്മിൽ കാര്യങ്ങൾ സംസാരിച്ച് ഒത്തുതീർപ്പായ പ്രകാരം വീണ്ടും ഹർജിക്കാരിയുടെ വീട്ടിൽ പോയി താമസിക്കുകയും, ഹർജിക്കാരി മൂത്ത കുട്ടിയെ ഗർഭിണിയാവുകയും ചെയ്തു. പിന്നീട് മതാചാരപ്രകാരം ഹർജിക്കാരിയെ കൂട്ടി ഹർജിക്കാരിയുടെ വീട്ടിൽ വരികയും ചെയ്തു. ഹർജിക്കാരി മൂത്ത കുട്ടിയെ പ്രസവിച്ച് കൂട്ടി കൊണ്ട് പോയതിനുശേഷം എതൃകക്ഷി വീണ്ടും ഹർജിക്കാരിയെ ശാരീരികമായി പീഡിപ്പിക്കുകയും അതിനിടയിൽ എത്യകക്ഷി കുറച്ച് നാൾ ഗൾഫിലേക്ക് പോകുകയും ചെയ്തിരുന്നു. എതൃകക്ഷി ഹർജിക്കാരിയുടെ കൂടെ ജീവിക്കുന്ന അവസരത്തിൽ ശാരീരികമായി പീഡിപ്പിക്കുകയും മാനസീകമായി ഉപദ്രവിക്കുകയും ചെയ്യുമായിരുന്നു. ആ സമയത്തൊക്കെ പള്ളികമ്മിറ്റി മുഖാന്തിരം സംസാരിച്ചതിൽ കുട്ടിയുടെ ഭാവി ഓർത്ത് എല്ലാം സഹിച്ച് ഹർജിക്കാരി എത്യകക്ഷിയുടെ കൂടെ പോകാൻ തയ്യാറായി. അങ്ങനെയിരിക്കെ ഹർജിക്കാരി രണ്ടാം ഹർജിക്കാരിയെ ഗർഭിണിയാവുകയും, ആ സമയത്ത് പല കാര്യങ്ങൾ പറഞ്ഞും മാനസീക വിഭ്രാന്തി എന്ന കണക്കേ എത്യകക്ഷി വീട്ടിൽ ബഹളം വെക്കുകയും ആയത് കണ്ട് എതൃകക്ഷിയുടെ സഹോദരൻമാർ ഹർജിക്കാരിയെ കണ്ട് സംസാരിച്ച് ഹർജിക്കാരിയുടെ

വീട്ടുകാരെ വിളിച്ച് വരുത്തി പള്ളി കമ്മിറ്റി തീരുമാന പ്രകാരം സ്വന്തം വീട്ടിലേക്ക് പറഞ്ഞ് അയക്കുകയാണ് ചെയ്തത്. ആശുപത്രി ചിലവുകൾ എല്ലാം വഹിച്ചത് ഹർജിക്കാരിയുടെ വീട്ടുകാരാണ്. തുടർന്നും പള്ളിക്കമ്മിറ്റിയോട് എതൃകക്ഷിയും ബന്ധുക്കളും പറഞ്ഞ പ്രകാരം, ഹർജിക്കാരിയേയും മക്കളേയും കൂട്ടി വീണ്ടും ഒന്നിച്ച് പോയെങ്കിലും അടിയും, മാനസീകപീഡനവും തുടർന്നതല്ലാതെ യാതൊരു വിധത്തിലുള്ള സ്നേഹ സല്ലാപമോ സന്തോഷമോ ലഭിച്ചിരുന്നില്ല. ഹർജിക്കാരി എതൃകക്ഷിയുടെ വീട്ടിലും സ്വന്തം വീട്ടിലും മാറിമാറി താമസിച്ചിരുന്നു. അതിനിടയിൽ ഹർജിക്കാരി മൂന്നാം ഹർജിക്കാരിയെ ഗർഭിണി ആകുകയും എതൃകക്ഷി വിദേശത്തേക്ക് പോകുകയും ചെയ്തിരുന്നു. എന്നാൽ വിദേശത്ത് നിന്നും ഗർഭിണി ആയ ഹർജിക്കാരിക്കും രണ്ട് മക്കൾക്കും സംരക്ഷിക്കുന്ന രീതിയിൽ യാതൊന്നും എത്യകക്ഷി പ്രവർത്തിച്ചിരുന്നില്ല. ഹർജിക്കാരി മൂന്നാം ഹർജിക്കാരിയെ പ്രസവിച്ചെങ്കിലും ആശുപത്രി ചിലവുകളോ സംരക്ഷണ ചിലവുകളോ എതൃകക്ഷി നൽകിയിട്ടില്ല. അങ്ങനെയിരിക്കെ ഹർജിക്കാരിയുടെ ബന്ധുക്കൾ മേപ്പടി വിഷയത്തിൽ ഇടപെട്ട് ഒരു വീട് എടുക്കേണ്ട ആവശ്യം പറഞ്ഞ് ഹർജിക്കാരിയുടെ വീട്ടുകാർ ഹർജിക്കാരിക്ക് ഹർജിക്കാരിയുടെ വസ്തുവിൽ ഒരു വീട് വെച്ച് നൽകുകയും ചെയ്തു. വീട് പണി നടന്ന് കൊണ്ടിരിക്കെ തന്നെ എതൃകക്ഷി ഹർജിക്കാരിയുടെ വീടിന്റെ അയൽപക്കത്തുള്ള വീടുകളിൽ പോയി ഹർജിക്കാരിയേയും മക്കളേയും പറ്റി തെറ്റായ കാര്യങ്ങൾ പറഞ്ഞ് പ്രചരിപ്പിക്കുകയും ചെയ്തു.

**3.** ഹർജിക്കാരി വിദ്യാർത്ഥി ആയിരിക്കുമ്പോഴാണ് എത്യകക്ഷി ഹർജിക്കാരിയെ വിവാഹം കഴിച്ചത്. ഹർജിക്കാരിയോടും മക്കളോടും എതൃകക്ഷി ക്രൂരമായിട്ടാണ് പെരുമാറിയിരുന്നത്. നിസ്സാരകാര്യങ്ങൾക്ക് എതൃകക്ഷി മക്കളെ കൈകൊണ്ടും വടികൊണ്ടും അടിച്ച് ആക്രമിക്കാറുമുണ്ട്. ഹർജിക്കാരിയെ എതൃകക്ഷിയുടെ ഭവനത്തിൽ താമസിക്കുമ്പോൾ മുടിക്ക് പിടിച്ച് ചുമരിനിടിച്ച് മുഖത്ത് മുഷ്ടിചുരുട്ടി കുത്തിയും മറ്റും പീഡിപ്പിക്കുന്നതും ഹർജിക്കാരി ഉച്ചത്തിൽ കരഞ്ഞ് നിലവിളിച്ചപ്പോൾ എതൃകക്ഷിയുടെ ബന്ധുക്കൾ ഓടി വന്ന് എതൃകക്ഷിയെ പിടിച്ച് മാറ്റിയിട്ടുള്ളതുമാണ്. കൂടാതെ ഹർജിക്കാരിയുടെ കുടുംബ വീട്ടിൽ എതൃകക്ഷി താമസിച്ച സമയം പോലും എതൃകക്ഷി ഹർജിക്കാരിയുടെ മുഖത്തടിച്ചും തലക്കടിച്ചും വായിൽ നിന്നും ചോര വന്നും തലക്ക് പരിക്ക് പറ്റുകയും ചെയ്തിരുന്നു. ആയത് ഹർജിക്കാരിയുടെ സഹോദരൻമാരും ഉമ്മയും ബന്ധുക്കളും കരച്ചിൽ കേട്ടു വന്നപ്പോൾ അവരെ എതൃകക്ഷി ചീത്തവിളിക്കുകയും, എതൃകക്ഷിയെ അവർ പിടിച്ച് മാറ്റി ഒരു വിധം ഹർജിക്കാരിയെ രക്ഷപെടുത്തുകയാണ് ഉണ്ടായത്. ഹർജിക്കാരിക്ക് എത്യകക്ഷി കൊല്ലുമെന്ന ജീവഭയം ഉണ്ട്. പല തവണ ഹർജിക്കാരിയേയും മക്കളേയും എതൃകക്ഷി കൊല്ലുമെന്ന് പറഞ്ഞ് ഭീഷണിപെടുത്തുകയും ചെയ്തിരുന്നു. ഒരു ദിനം

ഹരജിക്കാരിയെ എതൃകക്ഷി *'നിന്നെ കൊന്നു കളയും'* എന്ന് പറഞ്ഞിരുന്നു. എതൃകക്ഷി കുട്ടിയുടെ കാൽ തുടക്ക് അടിച്ച പാട് ഇപ്പോഴും കാണത്തക്കതാണ്.

**4.** ഒന്നാം ഹർജിക്കാരിക്ക് തൊഴിലോ വരുമാനമാർഗ്ഗമോ ഇല്ലാത്തതും തന്റെ കുടുംബക്കാരെ ആശ്രയിച്ചാണ് കഴിഞ്ഞ് വരുന്നത്. കഴിഞ്ഞ എട്ട് മാസക്കാലമായി എതൃകക്ഷി മക്കളെ നോക്കുകയോ സംരക്ഷിക്കുകയോ ചെയ്തിട്ടില്ല. എതൃകക്ഷി മക്കളെ നോക്കാതെ വന്നാൽ കേസ് വരുമെന്ന് കരുതി വല്ലപ്പോഴും തുച്ഛമായ തുക മക്കൾക്ക് വേണ്ടി അയച്ച് കൊടുത്തിരുന്നു. ആയതൊന്നും കുട്ടികളുടെ ജീവിത ചിലവിനും വിദ്യാഭ്യാസ ചിലവിനും തികയുന്നതുമല്ല. എതൃകക്ഷി ഇപ്പോൾ വിദേശത്ത് Kuwaitൽ 'അബ്ബാസിയ' എന്ന സ്ഥലത്ത് കുറ്റ്യാടിയിലുള്ള കുഞ്ഞാലി എന്നവർ നടത്തി വരുന്ന ഹോട്ടലിലെ മുഖ്യ പാചകക്കാരനാണ്. പ്രതിമാസം Rs.75,000/- (എഴുപത്തി അയ്യായിരം) രൂപയിലധികം ശമ്പളമുണ്ട്. ഹർജിക്കാരിയുടെ 15(പതിനഞ്ച്) പവൻ സ്വർണ്ണാഭരണങ്ങൾ വിവാഹശേഷം പല തവണകളായി പണയം വെച്ച് പണമുണ്ടാക്കാനും, ജോലിക്ക് വേണ്ടിയും ആവശ്യപെടുമ്പോൾ എടുത്തു തരാമെന്ന് പറഞ്ഞ് സ്വർണ്ണം കൈക്കലാക്കി പിന്നീട് ഇതുവരെയായി എതൃകക്ഷി സ്വർണ്ണാഭരണങ്ങൾ തിരികെ നൽകിയിട്ടില്ല. എതൃകക്ഷി എടുത്ത് കൊണ്ട് പോയ സ്വർണ്ണാഭരണത്തിൻറെ ഇന്നത്തെ മാർക്കറ്റ് വിലയായ 12(പന്ത്രണ്ട്) ലക്ഷം രൂപയാണ് ഹർജിക്കാരിയിൽ നിന്നും ഊരി വാങ്ങികൊണ്ട് പോയിരുന്നത്. ഹർജിക്കാരിയുടെ പേർക്ക് വീടെടുക്കാൻ പോലും സാമ്പത്തികമായി സഹായിക്കാതെ ഹർജിക്കാരിയുടെ വീട്ടുകാർ സഹായിച്ചുമാണ് ഹർജിക്കാരി വീട് നിർമ്മിച്ചത്. മേപ്പടി ഭവനത്തിന് ഹർജിക്കാരിയുടെ പേരിൽ 15(പതിനഞ്ച്) ലക്ഷം രൂപ വായ്പ ഉള്ളതും, വായ്പ അടവ് വീഴ്ചയായി ഇപ്പോൾ 17(പതിനേഴ്) ലക്ഷം രൂപ ആയികൊണ്ടിരിക്കുന്നതുമാണ്. ഹർജിക്കാരിയുടെ ഗൃഹപ്രവേശനം നടന്നത് 05.05.2024 തീയ്യതിയാണ്. ഗൃഹപ്രവേശനം നടത്തി കിട്ടിയ Rs.2,60,000/- (രണ്ട് ലക്ഷത്തി അറുപതിനായിരം രൂപ) എതൃകക്ഷി വാങ്ങിച്ച് കൊണ്ട് പോയി നശിപ്പിക്കുകയാണ് ചെയ്തത്. വീട്ട് ആവശ്യത്തിനെന്ന് പറഞ്ഞ് എതൃകക്ഷി കീഴരിലുള്ള *'മുത്തൂറ്റ് ഫൈനാൻസ്'*-ൽ നിന്നും ഹർജിക്കാരിയുടെ അയൽവാസിയായ അഫ്സത്ത് എന്നവരുടെ പേരിൽ Rs.75,000/- (എഴുപത്തി അയ്യായിരം) രൂപയും ഹർജിക്കാരിയുടെ ജ്യേഷ്ടത്തിയുടെ മകളായ തഫ്സീറ എന്നവരുടെ പേരിൽ Rs.75,000/- (എഴുപത്തി അയ്യായിരം) രൂപയും ലോൺ എടുത്തിരുന്നു. ആയതും എതൃകക്ഷി ധൂർത്തടിച്ച് നശിപ്പിക്കുകയാണ് ചെയ്തത്. എതൃകക്ഷി മനോരോഗിയെപ്പോലെ രണ്ടും മൂന്നും ഹർജിക്കാരെ ക്രൂരമായി ശാരീരികമായി മർദ്ദിക്കുക പതിവായതിൽ, ഹർജിക്കാരിയുടെ ബന്ധുക്കളും നാട്ടുകാരും ഇടപെട്ട് എതൃകക്ഷിയെ പലതരത്തിലും പറഞ്ഞ് മനസ്സിലാക്കാൻ ശ്രമിച്ചെങ്കിലും എതൃകക്ഷി യാതൊന്നിനും വഴങ്ങാതെ

മക്കളെ ശാരീരികമായി അക്രമിച്ച് കൊണ്ടിരിക്കുക പതിവായിരുന്നു. രണ്ടാം ഹർജിക്കാരി ഇപ്പോൾ 10-ാം ക്ലാസ്സിൽ പഠിക്കുന്നതും വിദ്യാഭ്യാസത്തിനും മറ്റ് ചിലവുകൾക്കും പ്രതിമാസം Rs.15,000/- (പതിനയ്യായിരം രൂപ) ആവശ്യവുമാണ്. മൂന്നാം ഹർജിക്കാരി ഇപ്പോൾ 6ാം ക്ലാസ്സിൽ പഠിക്കുന്നതും വിദ്യാഭ്യാസ ചിലവുകൾക്കും മറ്റും പ്രതിമാസം Rs.15,000/- (പതിനയ്യായിരം രൂപ) ആവശ്യമായി വന്നിരിക്കുകയാണ്. 4-ാം ഹർജിക്കാരി ഇപ്പോൾ മൂന്നാം ക്ലാസ്സിൽ പഠിക്കുന്നതും ഹർജിക്കാരിയുടെ ആശുപത്രി ചിലവുകൾ, വസ്ത്രം, ഭക്ഷണം എന്നിവക്കും സംരക്ഷണ ചിലവിനുമായി Rs.10,000/-(പതിനായിരം രൂപ) ആവശ്യമായി വന്നിരിക്കുകയാണ്. ഹർജിക്കാരിയുടെ ബന്ധുക്കൾ എതൃകക്ഷിയുടെ പീഡനം മനസിലാക്കി ഹർജിക്കാർക്ക് താമസിക്കുന്നതിനായി പണിത് നൽകിയ മുഴക്കുന്ന് പഞ്ചായത്തിലെ വാർഡ് നമ്പർ 1ലെ വീട്ട് നമ്പർ ലഭിക്കാത്ത (വൈദ്യുതി കണക്ഷൻ കൺസ്യൂമർ No.116674404264) ഹർജിക്കാരിയുടെ പേരിലുള്ള ഭവനത്തിൽ, എതൃകക്ഷി പ്രവേശിക്കുന്നതും ഹർജിക്കാരെ ആക്രമിക്കുന്നതും, ഗാർഹിക പീഡനം നടത്തുന്നതും തടഞ്ഞ് കൊണ്ട് ഒരു ഉത്തരവിനും, രണ്ടും മൂന്നും ഹർജിക്കാർക്ക് പ്രതിമാസ സംരക്ഷണ ചിലവിലേക്ക് Rs.15,000/- (പതിനയ്യായിരം രൂപ) വീതവും, 4ാം ഹർജിക്കാരിക്ക് പ്രതിമാസ സംരക്ഷണ ചിലവിലേക്ക് Rs.10,000/- (പതിനായിരം രൂപയും) നല്കാൻ കല്പിച്ചുകൊണ്ട് ഒരു ഉത്തരവിനും, 22ാം വകുപ്പ് പ്രകാരം ഹർജിക്കാരെ ശാരീരികവും മാനസികവുമായി പീഡിപ്പിച്ച വകയിൽ നഷ്ടപരിഹാരമായി ഒന്നാം ഹർജിക്കാരിക്ക് Rs.10,00,000/-(പത്ത് ലക്ഷം രൂപയും) രണ്ടും മുതൽ നാല് വരെയുള്ള ഹർജിക്കാർക്ക് Rs.5,00,000/- (അഞ്ച് ലക്ഷം രൂപ) വീതവും നഷ്ടപരിഹാരം നൽകുവാൻ കല്പിച്ചുകൊണ്ട് ഒരു ഉത്തരവിനും, ഹർജിക്കാരിയിൽ നിന്നും എതൃകക്ഷി തിരികെ തരാമെന്നു പറഞ്ഞ് വാങ്ങിക്കൊണ്ടു പോയ 15 (പതിനഞ്ച് ) പവൻ സ്വർണാഭരണങ്ങളോ അല്ലെങ്കിൽ ആയതിന്റെ ഇന്നത്തെ മാർക്കറ്റ് വിലയായി Rs.12,00,000/- (പന്ത്രണ്ട് ലക്ഷം ) രൂപയോ തിരികെ നൽകുവാൻ കല്പിച്ചുകൊണ്ട് ഒരു ഉത്തരവിനും ആണ് അപേക്ഷ ബോധിപ്പിച്ചിരിക്കുന്നത്.

**5.** മേൽ അപേക്ഷയിൽ എതൃകക്ഷിക്കു അപേക്ഷയുടെ പകർപ്പോടുകൂടി കോടതിയിൽ ഹാജരാകുവാൻ ആവശ്യപ്പെട്ടു നോട്ടീസ് അയച്ചു. പ്രസ്തുത നോട്ടീസ് 'Addressee Left India' എന്ന 'Endorsement' രേഖപ്പെടുത്തി മടക്കി അയച്ചു. തുടർന്ന് ഹർജിക്കാർ പത്ര പരസ്യം മുഖാന്തരം എതിർകക്ഷിക്ക് നോട്ടീസ് നൽകുന്നതിന് വേണ്ടി ***Crl.M.P. 351/2025*** ആയി അപേക്ഷ ബോധിപ്പിക്കുകയും, ആയത് ഈ കോടതി അനുവദിക്കുകയും ചെയ്തിരുന്നു. പത്ര പരസ്യം നൽകിയിട്ടും കോടതിയിൽ ഹാജരാവുകയോ അഭിഭാഷകൻ മുഖാന്തരം പ്രതിനിധീകരിക്കുകയോ ചെയ്യാത്തത് മൂലം മേൽ അപേക്ഷ എതിർകക്ഷിയുടെ അഭാവത്തിൽ '*ex parte*' ആയി കേൾക്കാൻ ഈ കോടതി തീരുമാനിച്ചു.

**6.** കേസ് തെളിയിക്കുന്നതിനായി ഹർജി ഭാഗം തെളിവിലേക്കായി ഹരജിക്കാരിയെ PW1 ആയി വിസ്തരിച്ചു. രേഖാമൂലമുള്ള തെളിവുകൾ ഒന്നും തന്നെ ഹർജിഭാഗം ഹാജരാക്കിയിട്ടില്ല.

**7.** <u>മേൽ വ്യവഹാരത്തിന്റെ അന്തിമ നിർണ്ണയത്തിനായി താഴെ പറയുന്ന പോയിന്റുകൾ പരിഗണിച്ചു</u>:-

(i) ഹർജിക്കാർക്ക് എതിർകക്ഷിയിൽ നിന്നും അപേക്ഷയിൽ പ്രസ്താവിച്ച പ്രകാരം, 2005ലെ 3ാം വകുപ്പ് നിർവചിക്കുന്ന വിധത്തിലുള്ള 'ഗാർഹിക പീഡനം' അതിജീവിക്കേണ്ടി വന്നിട്ടുണ്ടോ? ഉണ്ടെന്ന് തെളിയുന്ന പക്ഷം, എതിർകക്ഷിക്കെതിരെ 2005ലെ നിയമത്തിലെ 18ാം വകുപ്പ് പ്രകാരം ഹർജിക്കാരുടെ സംരക്ഷണത്തിന് ഏതെങ്കിലും വിധേനയുള്ള ഒരു സംരക്ഷണ ഉത്തരവു ലഭിക്കാൻ അർഹതയുണ്ടോ?

(ii) അപേക്ഷയിൽ ആവശ്യപ്പെട്ടപ്രകാരം ഒന്നാം ഹർജിക്കാരിയുടെ മുഴക്കുന്ന് പഞ്ചായത്തിലെ വാർഡ് നമ്പർ 1ലെ വീട്ട് നമ്പർ ലഭിക്കാത്ത ഒന്നാം ഹർജിക്കാരിയുടെ പേരിലുള്ള ഭവനത്തിൽ എതിർകക്ഷി പ്രവേശിക്കുന്നത് വിലക്കി ഒരു ഉത്തരവു ലഭിക്കാൻ അർഹതയുണ്ടോ?

(iii) അപേക്ഷയിൽ ആവശ്യപ്പെട്ടപ്രകാരം എതിർകക്ഷിയിൽ നിന്ന് 2,3 ഹർജിക്കാർക്ക് പ്രതിമാസ സംരക്ഷണ ചിലവ് Rs.15,000/-(പതിനയ്യായിരം) രൂപ വീതവും, 4ാം ഹർജിക്കാരിക്ക് പ്രതിമാസ സംരക്ഷണ ചിലവ് Rs.10,000/- (പതിനായിരം) രൂപയും നല്കാൻ കല്പിച്ചുകൊണ്ട് ഒരു ഉത്തരവു ലഭിക്കാൻ അർഹതയുണ്ടോ?

(iv) അപേക്ഷയിൽ ആവശ്യപ്പെട്ട പ്രകാരം ഒന്നാം ഹർജിക്കാരിയിൽ നിന്നും തിരികെ തരാമെന്നു പറഞ്ഞ് എതിർകക്ഷി വാങ്ങിക്കൊണ്ടു പോയ 15 (പതിനഞ്ച്) പവൻ സ്വർണാഭരണങ്ങളോ, അല്ലെങ്കിൽ ആയതിന്റെ ഇന്നത്തെ മാർക്കറ്റ് വിലയായ Rs.12,00,000/-(പന്ത്രണ്ട് ലക്ഷം) രൂപയോ തിരികെ നൽകുവാൻ കല്പിച്ചുകൊണ്ട് ഒരു ഉത്തരവു ലഭിക്കാൻ അർഹതയുണ്ടോ?

(v) അപേക്ഷയിൽ ആവശ്യപ്പെട്ട പ്രകാരം, ഹർജിക്കാരെ ശാരീരികവും മാനസികവുമായി പീഡിപ്പിച്ച വകയിൽ നഷ്ടപരിഹാരമായി ഒന്നാം ഹർജിക്കാരിക്ക് Rs.10,00,000/- (പത്ത് ലക്ഷം) രൂപയും, രണ്ട് മൂന്നും നാലും ഹർജിക്കാർക്ക് Rs.5,00,000/-(അഞ്ച് ലക്ഷം) രൂപ വീതം നൽകുവാൻ കൽപ്പിച്ചുകൊണ്ട് ഒരു ഉത്തരവ് ലഭിക്കാൻ ഹർജിക്കാർക്ക് അർഹതയുണ്ടോ?

*(vi) എന്ത് ഉത്തരവുകളാണ് പുറപ്പെടുവിക്കേണ്ടത്?*

8. <u>പോയിന്റ് (i) & (ii)</u> :-

ഒന്നാം ഹർജിക്കാരി എതിർകക്ഷിയുടെ ഭാര്യയും, രണ്ട് മുതൽ നാല് വരെയുള്ള ഹർജിക്കാർ പ്രസ്തുത വിവാഹത്തിൽ പിറന്ന കുട്ടികളും ആണ്. രണ്ട് മുതൽ നാല് വരെയുള്ള ഹർജിക്കാർ മൈനർ ആണെങ്കിലും അപേക്ഷയിൽ കക്ഷി ചേർത്തിട്ടുണ്ട്. എതിർകക്ഷിയിൽ നിന്നും ഗാർഹിക പീഡനത്തിന് വിധേയമായിട്ടുണ്ടെന്നും, ആയതിനാൽ 2005ലെ നിയമത്തിൽ പ്രതിപാദിക്കുന്ന ആശ്വാസങ്ങൾ അനുവദിച്ച ഉത്തരവുണ്ടാകണം എന്നാണ് അപേക്ഷയിലെ ആവശ്യം. അപേക്ഷയിലെ വസ്തുതകൾക്ക് അനുസൃതമായി ഒന്നാം ഹർജിക്കാരി PW1 ആയി കോടതി മുമ്പാകെ സത്യവാങ്മൂലം മുഖാന്തരം തെളിവ് നൽകി. ഒന്നാം ഹർജിക്കാരിയുടെ ആസ്തി-ബാദ്ധ്യത വിവരങ്ങൾ അടങ്ങിയ സത്യവാങ്മൂലവും കോടതിയിൽ സമർപ്പിച്ചു. ഹർജി ഭാഗം അഭിഭാഷകന്റെ വാദം കേട്ടു. സത്യവാങ്മൂലരേഖയും മറ്റു അനുബന്ധ രേഖകളും തെളിവുകളും പരിശോധിച്ചു.

9. ആയതിൽ നിന്നും പ്രഥമാ ദൃഷ്ട്യാ ഹർജിക്കാർ എതിർകക്ഷിയിൽ നിന്നും ഗാർഹിക പീഡനം അതിജീവിച്ചുവെന്നാണ് ഈ കോടതിയുടെ അഭിപ്രായം. കൽപനകൾ നൽകിയിട്ടും കോടതിയിൽ ഹാജരാവുകയോ, തന്റെ ഭാഗം തെളിവുകൾ നല്കുവാനോ എതിർകക്ഷി തയ്യാറായിട്ടില്ല. ആയതിനാൽ തന്നെ ഹർജിഭാഗം നൽകിയ തെളിവുകളെ ഗണിക്കുന്ന യാതൊന്നും തന്നെ കോടതി മുമ്പാകെ ഇല്ല. ആയതിനാൽ ഹർജിക്കാർക്ക് എതൃകക്ഷിയിൽ നിന്നും അപേക്ഷയിൽ പ്രസ്താവിച്ച പ്രകാരം, 2005ലെ 3ാം വകുപ്പ് നിർവചിക്കുന്ന വിധത്തിലുള്ള 'ഗാർഹിക പീഡനം' അതിജീവിക്കേണ്ടി വന്നിട്ടുണ്ടെന്ന് ഈ കോടതി കണ്ടെത്തുന്നു. ഹർജിക്കാർക്ക് ഭാവിയിലും ഏതെങ്കിലും വിധേന എതിർകക്ഷിയിൽ നിന്നും 'ഗാർഹിക പീഡനം' നേരിടേണ്ടി വരില്ല എന്ന് ഉറപ്പ് വരുത്തുന്നതിനായി 2005ലെ നിയമത്തിലെ 18ാം വകുപ്പ് പ്രകാരം ഹർജിക്കാരെ ശാരീരികമായോ, മാനസികമായോ ഏതെങ്കിലും പ്രവർത്തികൊണ്ട് ഗാർഹിക പീഡനത്തിന് വിധേയമാക്കുന്നതിൽ നിന്നും എതിർകക്ഷിയെ വിലക്കി ഉത്തരവാകുന്നു.

10. ഒന്നാം ഹർജിക്കാരിയുടെ മുഴക്കുന്ന് പഞ്ചായത്തിലെ വാർഡ് നമ്പർ 1ലെ വീട്ട് നമ്പർ ലഭിക്കാത്ത ഒന്നാം ഹർജിക്കാരിയുടെ പേരിലുള്ള ഭവനത്തിൽ എതൃകക്ഷി പ്രവേശിക്കുന്നത് വിലക്കി ഒരു ഉത്തരവു ലഭിക്കണമെന്നാണ് മറ്റൊരു ആവശ്യം. പോയിന്റ്(i)ലെ കണ്ടെത്തൽ

പ്രകാരം 2005ലെ നിയമത്തിലെ പരിഹാരങ്ങൾ ലഭിക്കാൻ ഹർജിക്കാർക്ക് അർഹതയുണ്ട്. മാത്രവുമല്ല, എതിർകക്ഷി പ്രസ്തുത ഭവനത്തിൽ പ്രവേശിച്ചാൽ, ഹർജിക്കാർക്കെതിരെ എതിർകക്ഷി വീണ്ടും ഗാർഹിക പീഡനത്തിന്റെ നിർവചനത്തിൽ വരുന്ന ഏതെങ്കിലും പ്രവർത്തികൾ ചെയ്യാനുള്ള സാധ്യതയും കൂടുതലാണ്. ആയതിനാൽ ആവശ്യപ്പെട്ട പ്രകാരം ഒരു പാർപ്പിട ഉത്തരവ് ഹർജിക്കാർക്ക് അനുവദിക്കുന്നതാണ് ഉചിതം എന്ന് ഈ കോടതി അഭിപ്രായപ്പെടുന്നു. ആയതിനാൽ 2005ലെ നിയമത്തിലെ വകുപ്പ് 19 പ്രകാരം ഒന്നാം ഹർജിക്കാരിയുടെ മുഴക്കുന്ന് പഞ്ചായത്തിലെ വാർഡ് നമ്പർ 1ലെ വീട്ട് നമ്പർ ലഭിക്കാത്ത ഒന്നാം ഹർജിക്കാരിയുടെ പേരിലുള്ള ഭവനത്തിൽ പ്രവേശിക്കുന്നതിൽ നിന്നും എതിർകക്ഷിയെ വിലക്കി ഉത്തരവാകുന്നു. ഇപ്രകാരം പോയിന്റ്(i), (ii) എന്നിവ ഹർജിക്കാർക്ക് അനുകൂലമായി കണ്ടെത്തുന്നു.

11. __പോയിന്റ് (iii)__ :-

രണ്ടും മൂന്നും ഹർജിക്കാർക്ക് ജീവനാംശമായി Rs.15,000/- (പതിനയ്യായിരം) രൂപ വീതവും, നാലാം ഹർജിക്കാരിക്ക് Rs.10,000/-(പതിനായിരം) രൂപ വീതവും പ്രതിമാസം നല്കാൻ എതിർകക്ഷിയോട് കല്പിച്ചുകൊണ്ട് ഒരു ഉത്തരവ് ലഭിക്കണമെന്നതാണ് ഹർജിയിലെ മറ്റൊരു നിവൃത്തി. ഒന്നാം ഹർജിക്കാരിക്ക് തൊഴിലോ വരുമാനമാർഗ്ഗമോ ഇല്ലാത്തതും തന്റെ കുടുംബക്കാരെ ആശ്രയിച്ചാണ് കഴിഞ്ഞ് വരുന്നത് എന്നും, കഴിഞ്ഞ എട്ട് മാസക്കാലമായി എതൃകക്ഷി മക്കളെ നോക്കുകയോ സംരക്ഷിക്കുകയോ ചെയ്തിട്ടില്ല എന്നും, എതൃകക്ഷി ഇപ്പോൾ വിദേശത്ത് Kuwaitൽ 'അബ്ബാസിയ' എന്ന സ്ഥലത്ത് കുറ്റ്യാടിയിലുള്ള കുഞ്ഞാലി എന്നവർ നടത്തി വരുന്ന ഹോട്ടലിലെ മുഖ്യ പാചകക്കാരനാണ് എന്നും എതിർകക്ഷിക്ക് പ്രതിമാസം Rs.75,000/- (എഴുപത്തി അയ്യായിരം) രൂപയിലധികം ശമ്പളമുണ്ട് എന്നുമുള്ള വസ്തുതകൾ സംബന്ധിച്ചാണ് PW1 തെളിവ് നൽകിയത്. ആയത് എതിർകക്ഷിയുടെ അഭാവത്തിൽ ex parte ആയി നൽകിയ തെളിവ് ആണെങ്കിൽ കൂടി ഈ കോടതി മുമ്പാകെ പ്രസ്തുത തെളിവുകളെ നിരാകരിക്കുന്ന യാതൊന്നും തന്നെ നിലവിൽ ഇല്ല. പോയിന്റ് (i)ലെ കണ്ടെത്തൽ പ്രകാരവും, 2005ലെ നിയമത്തിലെ വകുപ്പ് 20 പ്രകാരവും രണ്ട് മുതൽ നാല് വരെയുള്ള ഹർജിക്കാർക്ക് തീർച്ചയായും ജീവനാംശത്തിന് അർഹതയുണ്ട്. എന്നാൽ ആവശ്യപ്പെട്ട ജീവനാംശ സംഖ്യ വളരെ അമിതമാണ്. ജീവനാംശത്തിന്റെ തോത് നിശ്ചയിക്കുമ്പോൾ എതിർകക്ഷിയുടെ തൊഴിലും, വരുമാനവും മറ്റു സാമ്പത്തിക പശ്ചാത്തലവും കൂടി കോടതി പരിഗണിക്കേണ്ടതുണ്ട്. ആയതിനാൽ മേൽ അപേക്ഷയിൽ നിന്നും, PW1ന്റെ തെളിവുകളിൽ

നിന്നും, എതിർകക്ഷിയുടെ വരുമാനം സംബന്ധിച്ച് ഹർജിഭാഗം ആസ്തി-ബാദ്ധ്യത വിവരങ്ങൾ അടങ്ങിയ സത്യവാങ്മൂലത്തിലും ബോധിപ്പിച്ച കാര്യങ്ങളെ അടിസ്ഥാനമാക്കിയും, രണ്ട് മുതൽ നാല് വരെയുള്ള ഹർജിക്കാരുടെ പ്രായവും, വിദ്യാഭ്യാസ ചിലവുകളും മറ്റും പരിഗണിച്ച് രണ്ട് മുതൽ നാല് വരെയുള്ള ഹർജിക്കാർക്ക് യഥാക്രമം Rs.4,500/- (നാലായിരത്തി അഞ്ഞൂറ് രൂപ), Rs.3,500/- (മൂവായിരത്തി അഞ്ഞൂറ് രൂപ), Rs.2,000/- (രണ്ടായിരം രൂപ) എന്നിവ പ്രതിമാസം ജീവനാംശമായി നിശ്ചയിക്കുന്നു. പ്രസ്തുത ജീവനാംശം ഹർജി തിയ്യതി തൊട്ട് കുടിശ്ശിക ഉള്ളത് അടക്കം എല്ലാ മാസവും ഒന്നാം ഹർജിക്കാരിക്ക് നൽകുവാൻ എതിർകക്ഷിയോടു കല്പിച്ച ഉത്തരവാകുന്നു. ആയത് ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, 2023ലെ വകുപ്പ് 144 പ്രകാരം കൂടി ആകുന്നു.

12. <u>പോയിന്റ് (iv)</u> :-

ഹർജിക്കാരിയിൽ നിന്നും എതൃകക്ഷി തിരികെ തരാമെന്നു പറഞ്ഞ് വാങ്ങിക്കൊണ്ടു പോയ 15 (പതിനഞ്ച്) പവൻ സ്വർണാഭരണങ്ങളോ അല്ലെങ്കിൽ ആയതിന്റെ ഇന്നത്തെ മാർക്കറ്റ് വിലയായ Rs.12,00,000/-(പന്ത്രണ്ട് ലക്ഷം) രൂപയോ തിരികെ നൽകുവാൻ കല്പിച്ചുകൊണ്ട് ഒരു ഉത്തരവ് ലഭിക്കണമെന്നതാണ് അപേക്ഷയിലെ മറ്റൊരു നിവൃത്തി. സ്വർണ്ണാഭരണങ്ങളുടെ വിവരണങ്ങൾ അടങ്ങിയ പട്ടിക അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ലെങ്കിലും, ആയതിന്റെ തൂക്കവും മറ്റു വിവരണങ്ങളും സംക്ഷിപ്തമായി അപേക്ഷയിൽ പ്രസ്താവിച്ചിട്ടുണ്ട്. എന്നാലും സ്വർണ്ണാഭരണങ്ങൾ കൈമാറിയതായി ആരോപിക്കപ്പെടുന്നതിനെക്കുറിച്ചോ, അത്തരം കൈമാറിയ തീയതിയെക്കുറിച്ചോ അല്ലെങ്കിൽ ഏകദേശ കാലഘട്ടമോ, ഒന്നാം ഹർജിക്കാരി എതിർകക്ഷിക്ക് കൈമാറിയ സാഹചര്യങ്ങളെക്കുറിച്ചോ ഒന്നും പ്രത്യേക വാദങ്ങൾ (special pleadings) അപേക്ഷയിലില്ല. വിവാഹശേഷം പല തവണകളായി പണയം വെച്ച് പണമുണ്ടാക്കാനും, ജോലിക്ക് വേണ്ടിയും ആവശ്യപെടുമ്പോൾ എടുത്തു തരാമെന്ന് പറഞ്ഞ് സ്വർണ്ണം കൈക്കലാക്കി എന്നും, പിന്നീട് ഇതുവരെയായി എതൃകക്ഷി സ്വർണ്ണാഭരണങ്ങൾ തിരികെ നൽകിയിട്ടില്ല എന്നും ആണ് അപേക്ഷയിൽ പ്രസ്താവിക്കുന്നത്. സ്വർണ്ണാഭരണങ്ങൾ തിരികെ നൽകുന്നതിനുള്ള ഉത്തരവ് നൽകുന്നതിന്, ഭർത്താവിനോ കുടുംബാംഗങ്ങൾക്കോ സ്വർണ്ണാഭരണങ്ങൾ ഏൽപ്പിച്ചതുമായി ബന്ധപ്പെട്ട് പ്രത്യേക വാദങ്ങളും തെളിവുകളും ഉണ്ടായിരിക്കണം, കൂടാതെ ഏൽപ്പിച്ചതുമായി ബന്ധപ്പെട്ട് ഒരു തെളിവും ഇല്ലെങ്കിൽ, സ്വർണ്ണവും പണവും തിരികെ നൽകുന്നതിന് ആവശ്യപ്പെടുന്ന ആശ്വാസം അനുവദിക്കാൻ കഴിയില്ല. [ ***അബൂബക്കർ ലബ്ബ v. ഷമീന K. B. (2018 (3) KHC 219), ബിനിത v. ഹരീന്ദ്രൻ (2023 KHC Online 99), ബിനോദ് v. സോഫി (2019 KHC 5624) മോഹൻദാസ് v. സുനിത***

***മോഹൻദാസ് (2024 (7) KHC 273)*** ]. 'വിശ്വാസമർപ്പിക്കൽ' (Entrustment) സംബന്ധിച്ച് വിശ്വസനീയമായ തെളിവുകളൊന്നുമില്ലാതെ ഒന്നാം ഹർജിക്കാരിയുടെ വെറും വാദങ്ങൾ സ്വർണ്ണവും പണവും തിരികെ നൽകുന്നതിനുള്ള ഉത്തരവ് നൽകാൻ പര്യാപ്തമല്ല. നിലവിലുള്ള കേസിൽ എതിർകക്ഷിക്ക് പതിനഞ്ച് പവൻ സ്വർണ്ണാഭരണങ്ങൾ താൻ ഏൽപ്പിച്ചുവെന്ന് തെളിയിക്കുന്നതിൽ ഒന്നാം ഹർജിക്കാരി പരാജയപ്പെട്ടു. ആയതിനാൽ തന്നെ ആവശ്യപ്പെട്ട പ്രകാരം 15 (പതിനഞ്ച്) പവൻ സ്വർണാഭരണങ്ങളോ അല്ലെങ്കിൽ ആയതിന്റെ ഇന്നത്തെ മാർക്കറ്റ് വിലയായ Rs.12,00,000/-(പന്ത്രണ്ട് ലക്ഷം) രൂപയോ തിരികെ നൽകുവാൻ എതിർകക്ഷിയോട് കല്പിച്ചുകൊണ്ട് ഒരു ഉത്തരവ് ലഭിക്കാൻ ഹർജി ഭാഗത്തിന് അർഹത ഇല്ലെന്ന് ഈ കോടതി കണ്ടെത്തുന്നു. ആയതിനാൽ മേൽ പോയിന്റ് ഹർജിക്കാർക്ക് എതിരായി കണ്ടെത്തുന്നു.

13. <u>പോയിന്റ് (v)</u> :-

ഹർജിക്കാരെയും മക്കളെയും ശാരീരികവും മാനസികവുമായി പീഡിപ്പിച്ച വകയിൽ നഷ്ടപരിഹാരമായി ഹർജിക്കാരിക്ക് Rs.10,00,000/- (പത്ത് ലക്ഷം) രൂപയും, രണ്ട് മുതൽ നാല് വരെയുള്ള ഹർജിക്കാർക്ക് Rs.5,00,000/- (അഞ്ച് ലക്ഷം രൂപ) വീതവും നഷ്ടപരിഹാരം നൽകുവാൻ എതിർകക്ഷിയോട് കല്പിച്ചുകൊണ്ട് ഒരു ഉത്തരവ് ലഭിക്കണമെന്നതാണ് അപേക്ഷയിലെ മറ്റൊരു നിവൃത്തി. പോയിന്റ് (i)ലെ കണ്ടെത്തലുകൾ പ്രകാരം ഗാർഹിക പീഡനത്തിന് വിധേയയായിട്ടുണ്ടെന്ന് തെളിയിക്കുന്നതിൽ ഹർജിക്കാർ വിജയിച്ചതിനാൽ തന്നെ 2005ലെ നിയമത്തിലെ വകുപ്പ് 22 പ്രകാരം മാനസിക വ്യഥക്കുണ്ടായ നഷ്ടപരിഹാരം ലഭിക്കാൻ ഹർജിക്കാർക്ക് അവകാശമുണ്ട്. ഇവിടെ ഹർജിക്കാരിക്ക ശാരീരികവും, മാനസികവും സാമ്പത്തികവുമായ ദുരുപയോഗങ്ങൾ ആണ് നേരിടേണ്ടി വന്നത് എന്ന് തെളിവിൽ നിന്നും വ്യക്തമാണ്. എതിർകക്ഷിയുടെ അഭാവം മൂലം മറ്റു തെളിവുകൾ ഒന്നും തന്നെ ഇത് സംബന്ധിച്ച് കോടതി മുമ്പാകെ ഇല്ലതാനും. എന്നാലും ആവശ്യപ്പെട്ട നഷ്ടപരിഹാര സംഖ്യ വളരെ അമിതമാണ് എന്നാണ് ഈ കോടതിയുടെ അഭിപ്രായം. ആകയാൽ ഗാർഹിക പീഡനത്തിന്റെ കാഠിന്യവും, സ്വഭാവവും, ഗാർഹിക ബന്ധുത്വത്തിന്റെ കാലയളവും, ആയത് ഒന്നാം ഹർജിക്കാരിക്കും അവരുടെ മക്കളായ രണ്ടും മൂന്നും നാലും ഹർജിക്കാർക്കും ഉണ്ടാക്കിയ മാനസിക വ്യഥയും പരിഗണിച്ച് നഷ്ടപരിഹാരമായി ഒന്നാം ഹർജിക്കാരിക്ക് Rs.2,00,000/- (രണ്ട് ലക്ഷം) രൂപയും, രണ്ട് മുതൽ നാല് വരെ ഹർജിക്കാർക്ക് Rs.1,00,000/- (ഒരു ലക്ഷം രൂപ) വീതവും നഷ്ടപരിഹാരം ആയി ഈ കോടതി നിശ്ചയിക്കുന്നു. ഇപ്രകാരം മേൽ പോയിന്റ് ഹർജിക്കാർക്ക് ഭാഗികമായി അനുകൂലമായി കണ്ടെത്തുന്നു.

14. <u>**പോയിന്റ് (vi)**</u> :-

*(i)* *മുതൽ* ***(v)*** *വരെയുള്ള പോയിന്റുകളിൽ ഈ കോടതി എത്തിച്ചേർന്ന കണ്ടെത്തലുകളുടെയും നിരീക്ഷണങ്ങളുടേയും അടിസ്ഥാനത്തിൽ മേൽ അപേക്ഷ താഴെ പറയും പ്രകാരം ഭാഗികമായി അനുവദിച്ച് കൽപനയായിരിക്കുന്നു:*

**A.** 2005ലെ നിയമത്തിലെ 18ാം വകുപ്പ് പ്രകാരം ഹർജിക്കാരെ ശാരീരികമായോ, മാനസികമായോ ഏതെങ്കിലും പ്രവർത്തികൊണ്ട് ഗാർഹിക പീഡനത്തിന് വിധേയമാക്കുന്നതിൽ നിന്നും എതിർകക്ഷിയെ വിലക്കി ഉത്തരവാകുന്നു.

**B.** 2005ലെ നിയമത്തിലെ വകുപ്പ് 19 പ്രകാരം ഒന്നാം ഹർജിക്കാരിയുടെ മുഴക്കുന്ന് പഞ്ചായത്തിലെ വാർഡ് നമ്പർ 1ലെ വീട്ട് നമ്പർ ലഭിക്കാത്ത ഒന്നാം ഹർജിക്കാരിയുടെ പേരിലുള്ള ഭവനത്തിൽ പ്രവേശിക്കുന്നതിൽ നിന്നും എതിർകക്ഷിയെ വിലക്കി ഉത്തരവാകുന്നു.

**C.** ഹർജിക്കാരിക്കും ഹർജിക്കാരിയുടെ കുട്ടികൾക്കും വേണ്ട സംരക്ഷണം നൽകാൻ മുഴക്കുന്ന് പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസറോട് ഉത്തരവാകുന്നു.

**D.** രണ്ട് മുതൽ നാല് വരെയുള്ള ഹരജിക്കാർക്ക് ക്രമേണ എതൃകക്ഷിയിൽ നിന്നും പ്രതിമാസം **Rs.4,500/- (നാലായിരത്തി അഞ്ഞൂറ് രൂപ), Rs.3,500/- (മൂവായിരത്തി അഞ്ഞൂറ് രൂപ), Rs.2,000/- (രണ്ടായിരം രൂപ)** ജീവനാംശമായി നിശ്ചയിക്കുന്നു. പ്രസ്തുത ജീവനാംശം **ഹർജി തിയ്യതി തൊട്ട്** കടിശ്ശിക ഉള്ളത് അടക്കം എല്ലാ മാസവും ഒന്നാം ഹർജിക്കാരിക്ക് നൽകുവാൻ എതിർകക്ഷിയോട്ട കല്പിച്ച ഉത്തരവാകുന്നു. **ആയത് ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, 2023ലെ വകുപ്പ് 144 പ്രകാരം കൂടി ആകുന്നു.**

**E.** ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീ സംരക്ഷണ നിയമം, 2005ലെ വകുപ്പ് 22 പ്രകാരം നഷ്ടപരിഹാരമായി ഒന്നാം ഹർജിക്കാരിക്ക് **Rs.2,00,000/- (രണ്ട് ലക്ഷം)** രൂപയും, രണ്ട് മുതൽ നാല് വരെ ഹർജിക്കാർക്ക് **Rs.1,00,000/- (ഒരു ലക്ഷം രൂപ)** വിതവും എതൃകക്ഷിയോട് നൽകുവാൻ കല്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

**F.** ഇരുകക്ഷികൾക്കും ഈ ഉത്തരവിന്റെ ശരി പകർപ്പ് സൗജന്യമായി നൽകേണ്ടതാണ്.

**G.** ഈ ഉത്തരവിന്റെ ഉള്ളടക്കം മുഴക്കുന്ന് പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർക്കും, ഉളിക്കൽ പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർക്കും, കണ്ണൂർ ജില്ല പ്രൊട്ടക്ഷൻ ഓഫീസർക്കും നൽകേണ്ടതാണ്.

(ഇപ്രകാരം, 2026-മാണ്ട് മാർച്ച് മാസം 13ാം തീയ്യതി കോടതിയിൽ ഈ വിധി പ്രസ്ഥാവിച്ചിരിക്കുന്നു.)

**ന്യായാധികാരി**

**ഗ്രാമ ന്യായാലയ, ഇരിട്ടി, പായം**

<u>**അനുബന്ധം**</u>

<u>പ്രോസിക്യൂഷൻ ഭാഗം സാക്ഷികൾ:-</u>

| | |
|---|---|
| PW1 | റംഷാന യു.കെ |

<u>പ്രോസിക്യൂഷൻ ഭാഗം അടയാളപ്പെടുത്തിയ രേഖകൾ</u>:- ഇല്ല

<u>പ്രോസിക്യൂഷൻ ഭാഗം മുദ്ര ചെയ്യേണ്ട തൊണ്ടി സാധനങ്ങൾ</u>:- ഇല്ല

<u>പ്രതിഭാഗം സാക്ഷികൾ</u>:- ഇല്ല

<u>പ്രതിഭാഗം മുദ്ര ചെയ്യേണ്ട രേഖകൾ</u>:- ഇല്ല

**ന്യായാധികാരി**

**ഗ്രാമ ന്യായാലയ, ഇരിട്ടി, പായം**